**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ്. - അധിക തുക ആവശ്യമായ സാഹചര്യത്തിലും, അളവിനു കുറവുവരുത്തുന്ന സാഹചര്യത്തിലും - പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള ചുമതല ഗ്രാമവികസന കമ്മീഷണർക്ക് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.241/14/തസ്വഭവ — തിരുവനന്തപുരം, തീയതി, 27.01.2014

=====================================================================

പരാമർശം:- സ.ഉ.(കൈ)നം.340/13/തസ്വഭവ തീയതി 22.10.2013.

## <u>ഉത്തരവ്</u>

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ SoR മാറ്റം വഴിയും പ്രവൃത്തിയുടെ ഏതെങ്കിലും ഘടകങ്ങളിൽ മാറ്റം വരുന്നതുകൊണ്ടുണ്ടാകുന്ന അധിക ചെലവു മുഖേനയും മാറ്റമുണ്ടാകുമ്പോൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉൾപ്പെടെയുള്ള വിഹിതത്തിൽ നിന്ന് അധിക തുക വഹിക്കേണ്ട സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പദ്ധതി ഘടകങ്ങളിൽ വ്യാപകമായ കുറവ് വരുത്തി ഭരണാനുമതി ലഭ്യമാക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വ്യക്തമായ മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ ഒരു ഉത്തരവിന്റെ ആവശ്യകത 30.12.2013 ലെ ആർ.ഐ.ഡി.എഫ്. ചർച്ചയിൽ ഉരുത്തിരിയുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും SoR പരിഷ്ക്കരിക്കുന്നതു മൂലവും പ്രവൃത്തി ആരംഭിച്ച് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലേക്കും ആവശ്യമായിവരുന്ന അധികതുക ത്രിതല പഞ്ചായത്തുകൾ വഹിക്കണമെന്ന നിബന്ധനയോടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനും പ്രവൃത്തിയുടെ അളവിന് കുറവു വരുത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എഞ്ചിനീയറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.

3. എല്ലാ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ധനകാര്യ വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ